# കേരള സർവകലാശാല

## തിരുവനന്തപുരം- 34

അസിസ്റ്റന്റ് എഞ്ചിനീയരുടെ കാര്യാലയം

തിരുവനന്തപുരം

29/05/2018

**<u>മരം വില്പന പരസ്യം</u>**

കേരള സർവകലാശാല സെനറ്റ് ഹൗസ് കാമ്പസിൽ മെയിൻ ഗേറ്റിനു സമീപത്തായി കടപുഴകി വീണതും മുറിച്ചു കഷണങ്ങളാക്കി ഇട്ടിട്ടുള്ളതുമായ ഒരു വല്ലഭം, അതിനോടടുത്തു അപകടകരമായി നിൽക്കുന്ന ഒരു ആഞ്ഞിലി എന്നിവ ക്വട്ടേഷൻ വ്യവസ്ഥയിൽ /പരസ്യ ലേലത്തിലൂടെ വില്പന നടത്തുന്നതാണ്. പ്രസ്തുത ആവശ്യത്തിലേക്കു ഒരു പരസ്യ ലേലം 2018 ജൂൺ 6 ബുധനാഴ്ച രാവിലെ 11 മണിക്ക് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫിസിൽ വച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പ്രസ്തുത സ്ഥലത്തും സമയത്തും നേരിട്ട് ഹാജരാകേണ്ടതും 1250 /- രൂപ നിരത ദ്രവ്യം കെട്ടി വച്ച് ലേലത്തിൽ പങ്ക് കൊള്ളേണ്ടതുമാണ്.

പ്രസ്തുത സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ 2018 ജൂൺ 5 വൈകുന്നേരം 3 മണി വരെ നേരിട്ടോ തപാലിലോ സ്വീകരിക്കുന്നതാണ്.വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കിയ ക്വട്ടേഷനുകളോടൊപ്പം ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ,ഹെഡ്ക്വർട്ടേഴ്സ് സെക്ഷൻ ,കേരള സർവകലാശാല ,തിരുവനന്തപുരം എന്ന പേരിൽ എടുത്ത 1250/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ് . ക്വട്ടേഷൻ ലേല നടപടി ക്രമങ്ങൾക്കു ശേഷം ഹാജരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ / ലേലം കൊള്ളുന്നയാൾക്ക് രജിസ്ട്രാറുടെ അനുമതിക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തി നൽകുന്നതുമാണ്. ലേല തുകയോടൊപ്പം നിയമാനുസൃതമായ നികുതികൾ (5 % വന നികുതി + 18 % GST ) ഈടാക്കുന്നതാണ് .

ലേല സംബന്ധമായ മറ്റു വിവരങ്ങൾ ഓഫീസ് സമയങ്ങളിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫിസിൽ നിന്ന് ലഭ്യമാണ്.യാതൊരു കാരണവും കൂടാതെ ലേലം അവസാനിപ്പിക്കുന്നതിനും ഏതൊരു ക്വട്ടേഷനുകളും നിരസിക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും .

അസിസ്റ്റന്റ് എഞ്ചിനീയർ

തിരുവനന്തപുരം

29/05/2018

Scanned by CamScanner